കയർ കൈപ്പിരി തൊഴിലാളികൾ

103 [2970] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം പ്രദേശത്ത് കയർ കൈപ്പിരി നിലനിൽക്കുന്നു. ഓരോ പ്രദേശത്തുമുള്ള കൈപ്പിരി തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) തൊണ്ട്തല്ല്, കയർപിരി എന്നിവയ്ക്ക് നിലവിലുള്ള മിനിമം കൂലി, അംഗീകൃത കൂലി എന്നിവ പ്രോജക്ട് ഏരിയാ തിരിച്ച് ലഭ്യമാക്കുമോ;

(സി) അംഗീകൃത കൂലിപോലും ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) അംഗീകൃത കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി ആന്റ് ഡി) തൊഴിൽ വകുപ്പു മന്ത്രിയുടെയും കയർ വകുപ്പു മന്ത്രിയുടേയും സംയുക്താദ്ധ്യക്ഷതയിൽ അടുത്തുതന്നെ കൂടാനുദ്ദേശിക്കുന്ന യോഗത്തിൽ, ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കയർ സഹകരണ സംഘങ്ങൾ

104 [2971] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾ എത്രയാണെന്നും, സംഘങ്ങളിൽ എത്ര തൊഴിലാളികളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കയർ സംഘങ്ങളിലെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) നാളികേരം വൻതോതിൽ ഉൽപ്പാദിപ്പിക്കുന്ന കോഴിക്കോട് ജില്ലയിൽ പച്ചത്തൊണ്ട് സംഭരിക്കാൻ നടപടി സ്വീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly